**കേരള കാർഷികസർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം
Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228

## ടെൻഡർ നോട്ടീസ്

നം. RARSCZ/2998/2025-D3 തീയതി. വെള്ളാനിക്കര, 15-09-2025

ഈ സ്ഥാപനത്തിലെ വിവിധ ആവശ്യങ്ങൾക്കായി **2025-26** സാമ്പത്തിക വർഷത്തേക്ക് ജെ.സി.ബി, ഹിറ്റാച്ചി, എസ്കവേറ്റർ, ടിപ്പർ (1 യൂണിറ്റ്) എന്നിവയുടെ സേവനം ലഭ്യമാക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ടെൻഡറുകൾ ചുവടെ ചേർത്ത നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ക്ഷണിച്ചുകൊള്ളുന്നു.

| ടെൻഡർ വിശദാംശങ്ങൾ | |
|---|---|
| ടെൻഡർ റഫറൻസ് നമ്പർ | RARSCZ/2998/2025-D3 |
| ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി |
| സപ്ലൈ ചെയ്യേണ്ട സ്ഥലം | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി |
| ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 22.09.2025, രാവിലെ 11.00 ന് |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും സമയവും | 22.09.2025, രാവിലെ 11.30 ന് |
| ടെൻഡർ കോസ്റ്റ് | Rs.472/- (Rs.400/- + 18% ജിഎസ്ടി Rs.72/-) |
| നിരത ദ്രവ്യം (EMD) | Rs.2000/- |
| സുരക്ഷിത നിക്ഷേപം (Security Deposit) | ബിഡ് തുകയുടെ 5%. |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിക്കൽ | വർക്ക് ഓർഡർ നൽകിയ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ. |
| ബിഡിന്റെ സാധുത കാലയളവ് | 31.03.2026 വരെ. |
| വർക്ക് കാലയളവ് | വർക്ക് ഓർഡർ ഇഷ്യൂ ചെയ്ത തീയതി മുതൽ 5 ദിവസത്തിനുള്ളിൽ. |

ടെൻഡർ പ്രക്രിയയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് പട്ടാമ്പി, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ ഓഫീസ് മുഖേന രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ സമയത്ത് ബന്ധപ്പെടാവുന്നതാണ്.

### നിബന്ധനകൾ

1. ജെ.സി.ബി 3 DX, ഹിറ്റാച്ചി എന്നിവ ഒരു മണിക്കൂർ നേരത്തേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ തുകയും, ടിപ്പർ ലോറി (1 യൂണിറ്റ്) ഒരു ദിവസത്തേക്ക് ലഭ്യമാക്കുന്നതിന് വേണ്ട തുകയുമാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.

2. സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന ദിവസം മേൽപ്പറഞ്ഞ വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. **www.rarsptb.kau.in/tenders, www.kau.in/tenders** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമിലാണ് ടെൻഡർ സമർപ്പിക്കേണ്ടത്. ടെൻഡർ ഫോമിന്റെ വില, ജി.എസ്.ടി ഉൾപ്പെടെ 472/- രൂപ, നിരതദ്രവ്യം 2,000/- രൂപ എന്നിവ 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306' എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടാമ്പി ശാഖയിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

5. 200/- രൂപ വിലയുള്ള മുദ്ര പേപ്പറിൽ **www.rarsptb.kau.in/tenders, www.kau.in/tenders** എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാർ എഴുതി ഒപ്പിട്ട് ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

6. ഇപ്രകാരം തയ്യാറാക്കിയ ടെൻഡറുകൾ മുദ്ര വച്ച കവറിൽ, 'RARSCZ/2998/2025-D3 തിയ്യതി **22**/09/2025, ജെ.സി.ബി, ഹിറ്റാച്ചി, എസ്കവേറ്റർ, ടിപ്പർ എന്നിവ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ' എന്നെഴുതി 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306' എന്ന വിലാസത്തിൽ **22**.09.2025 ന് ഉച്ചക്കു മുൻപ് **11**.00 മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

7. അന്നേ ദിവസം [illegible] 11:30 ന് ടെൻഡറുകൾ ആ സമയത്ത് ഹാജരായ ടെൻഡർ സമർപ്പിച്ച വ്യക്തികളുടെ സാന്നിധ്യത്തിൽ തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയ്ക്ക് ടെൻഡര് ഉറപ്പിക്കുന്നതുമാണ്.

8. ടെൻഡർ ലഭിച്ച വ്യക്തി 200/- രൂപയുടെ മുദ്ര പേപ്പറിൽ അസ്സോസിയേറ്റ് ഡയറക്ടർ റിസർച്ചുമായി **www.rarsptb.kau.in/tenders** എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാറിൽ ഏർപ്പെടുകയും സുരക്ഷിത നിക്ഷേപം ഈ സ്ഥാപനത്തിൽ അടക്കേണ്ടതുമാണ്.

9. ടെൻഡർ സ്വീകരിക്കുന്നതിനോ കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.

10. സ്ഥാപനത്തിൽ നിന്നും നൽകുന്ന വർക്ക് ഓർഡറിൻറെ അടിസ്ഥാനത്തിൽ പ്രവർത്തി പൂർത്തീകരിച്ചു നിശ്ചിത മാതൃകയിൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

11. പ്രവർത്തി പൂർത്തീകരിച്ച ശേഷം ഇൻവോയ്സ് അടിസ്ഥാനത്തിൽ ബാങ്ക് മുഖേനയായിരിക്കും തുക നൽകുക. പണം മുൻകൂർ നൽകുന്നതല്ല.

12. കരാർ തുകയിൽ നിന്ന് നിലവിലുള്ള നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിന് ആദായനികുതി വകുപ്പിൽ നിന്ന് ലഭിച്ച പാൻ കാർഡ് ഹാജരാക്കേണ്ടതാണ്.

13. ടെൻഡർ ഉറപ്പിച്ചുകിട്ടിയ വ്യക്തിക്ക്, ടെൻഡറിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റ് യാതൊരു ആനുകൂല്ല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

14. കരാറുകാരുടെ പ്രവർത്തനങ്ങൾ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ കരാറുകാരുടെ ഭാഗം വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനു ശേഷം കരാർ അവസാനിപ്പിക്കാനുള്ള അധികാരം അസോസിയേറ്റ് ഡയറക്ടർക്ക്

ഉണ്ടായിരിക്കും.

15. ടെൻഡറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ മറ്റ് എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

Signed by
Raji P
Date: 15-09-2025 12:04:11

**Raji P**
**ASSOCIATE DIRECTOR OF RESEARCH**

നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/സെയിൽസ് കൗണ്ടർ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്.

പകർപ്പ്: ശ്രീ. ശ്യാം പ്രകാശ് പി കെ, ഫാം സൂപ്രണ്ട്